പതിമൂന്നാം കേരള നിയമസഭ
ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1868 — 17-12-2012 -ൽ മറുപടിക്ക്.

## സ്പിരിറ്റ് കടത്ത്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ. എ. അസീസ് | ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി) |
| (എ) ഈ സർക്കാർ അധികാരമേറ്റശേഷം അന്യസംസ്ഥാനങ്ങളിൽ നിന്നും കേരളത്തിലെത്തിയ എത്ര ലോറി സ്പിരിറ്റാണ് പിടിച്ചെടുത്തത്; എവിടെ വച്ചെല്ലാമാണ്; എത്ര രൂപയുള്ള സ്പിരിറ്റാണ് പിടിച്ചെടുത്തത്; | (എ) 9 ലോറികളും, 2 ടാറ്റാ സുമോയും പിടിച്ചെടുത്തിട്ടുണ്ട്. ആര്യങ്കാവ് ചെക്ക്പോസ്റ്റ്, ചിറ്റൂർ, പറളി, പാലക്കാട്, കൊടകര, തൃശ്ശൂർ ടൗൺ, പെരിങ്ങാനം, ആലുവ, എറണാകുളം, മട്ടാഞ്ചേരി തുടങ്ങിയ സ്ഥലങ്ങളിൽ നിന്നാണ് സ്പിരിറ്റ് പിടിച്ചെടുത്തത്. ഉദ്ദേശം 12,92,104/- രൂപയുള്ള സ്പിരിറ്റാണ് പിടിച്ചെടുത്തത്. |
| (ബി) സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന സ്പിരിറ്റ് കടത്ത് ഇല്ലാതാക്കുന്നതിനും കുറ്റക്കാർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതിനും സ്പിരിറ്റ് പിടികൂടുന്നതിനും എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (ബി) സ്പിരിറ്റ് കള്ളക്കടത്ത് തടയുന്നതിനായി, ചെക്ക്പോസ്റ്റുകളുടെ പ്രവർത്തനം ശക്തിപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാന അതിർത്തി പ്രദേശങ്ങളിൽ, പട്രോളിംഗും, വാഹന പരിശോധനയും നടത്തുന്നതിനായി ബോർഡർ പട്രോളിംഗ് പാർട്ടികളെ നിയോഗിച്ചിട്ടുണ്ട്. എല്ലാ പ്രധാന റോഡുകളിലും, സംശയിക്കപ്പെടുന്ന മേഖലകളിലും കാര്യക്ഷമമായി വാഹന പരിശോധന നടത്തി വരുന്നു. |

സെക്ഷൻ ആഫീസർ